## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3293

21.12.2012-ലെ മറുപടിക്ക്

### അങ്കമാലി ബ്ലോക്കിന്റെ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

**ചോദ്യം**

ശ്രീ.ജോസ് തെറ്റയിൽ

അങ്കമാലി ബ്ലോക്കിന്റെ വികസന പ്രവർത്തനങ്ങൾക്കായി 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക എത്രയെന്നും ഇത് എന്തെല്ലാം, വികസന പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ?

**ഉത്തരം**

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് 2010-11, വർഷത്തിൽ 2,20,79,334 രൂപ വകയിരുത്തുകയും വിവിധ മേഖലകളിലായി 1,57,92,132 രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. ചിലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **2010-11** | |
|---|---|
| പശ്ചാത്തലം | 2673382 |
| സേവനം | 6045503 |
| ഉദ്പാദനം | 2836997 |
| പൊതു പ്രോജക്ടുകൾ | 4236250 |
| **ആകെ** | **15792132** |
| 2011-12 സാമ്പത്തിക വർഷത്തിൽ 25312202 രൂപ വകയിരുത്തുകയും വിവിധ മേഖലകളിലായി 21617264 രൂപ ചിലവഴിക്കുകയും ചെയ്തു. | |
| ചിലവഴിച്ച തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു | |
| പശ്ചാത്തലം | 7020513 |

| | |
|---|---|
| സേവനം | 7221686 |
| ഉദ്പാദനം | 5338014 |
| പൊതു പ്രോജക്ടുകൾ | 2037051 |
| **ആകെ** | 21617251 |

ഉദ്പാദനം, സേവനം, പശ്ചാത്തലം മേഖലകളിലാണ് വിവിധ പണികൾ തെരഞ്ഞെടുത്തത്.

ഉദ്പാദന മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 8 പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന കർഷകസംഘങ്ങളുടെ നേതൃത്വത്തിൽ വിത്തും വളവും സൗജന്യ നിരക്കിൽ വിതരണം ചെയ്തു. കൂടാതെ നിരവധി ജലസേചന തോടുകളും അതിനോട് ചേർന്നുള്ള നടപ്പാതകളും നന്നാക്കുകയും നിരവധി കുളങ്ങൾ കെട്ടി സംരക്ഷിക്കുകയും ചെറുകിട ജലസേചന പദ്ധതികൾ നടപ്പാക്കുകയും ചെയ്തു.

സേവന മേഖലയിൽ നിരവധി പട്ടികജാതി കോളനികൾ കെട്ടി സംരക്ഷിക്കുകയും പൊതു കുടിവെള്ള ടാപ്പുകൾ നന്നാക്കുകയും, കുടിവെള്ള ടാപ്പുകൾ ദീർഘിപ്പിക്കുകയും ചെയ്തു. കൂടാതെ കോളനികളിലേയ്ക്ക് റോഡുകൾ പണിതീർത്തു.

ആശുപത്രി കെട്ടിടങ്ങൾ നന്നാക്കി. അംഗൻവാടികൾ പണിയുന്നതിന് തുക ചെലവഴിച്ചു. മലയാറ്റൂർ പ്രീമെട്രിക് ഹോസ്റ്റൽ പുനരുദ്ധാരണം നടത്തി.

സേവന മേഖലയിൽ വീടുകൾ നൽകൽ, വീടുവക്കുന്നതിന് സ്ഥലം വാങ്ങൽ എന്നീ പദ്ധതികൾ നടപ്പാക്കി.

കൂടാതെ ഭവനപരിഷ്ക്കരണം, കിണർ കെട്ടി സംരക്ഷണം വിവിധ പൊതുകിണറുകൾ നന്നാക്കൽ എന്നീ പണികൾ നടപ്പാക്കി.

പശ്ചാത്തലം മേഖലയിൽ ഏകദേശം 45 ശതമാനത്തോളം തുക ചെലവഴിച്ച്, വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾ, പുതിയ റോഡ് നിർമ്മാണം, ടാറിംഗ്, റീടാറിംഗ്, മെറ്റലിംഗ് മുതലായ പണികൾ നടപ്പാക്കി.

സെക്ഷൻ ഓഫീസർ